**NATIONAL HEALTH MISSION**
District Programme Management Support Unit
II Floor, Civil Station, Kannur-2
Phone: 0497 2709920 email:dpmknr@gmail.com

നം.ഡി.പി.എം.എസ്.യു/കെ.എൻ.ആർ/460/15. തീയ്യതി. 01.06.2015.

**ടെണ്ടർ നോട്ടീസ്**

പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ മുത്തത്തി എന്ന സ്ഥലത്ത് സമഗ്ര മാനസീക ആരോഗ്യ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിരിക്കുന്ന "പകൽവീട്" എന്ന സ്ഥാപനത്തിലേക്ക് പയ്യന്നൂരിന്റെ സമീപപ്രദേശങ്ങളായ എട്ടിക്കുളം, രാമന്തളി, കുഞ്ഞിമംഗംലം, പഴയങ്ങാടി, പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും, അതിനടുത്ത മററ് പ്രദേശങ്ങളിൽ നിന്നും അന്തേവാസികളെ അവരുടെ വീടുകൾക്ക് സമീപത്തുനിന്നും കയറ്റി മുത്തത്തിയിലുള്ള പകൽവീടിലേക്ക് രാവിലെ 10 മണിക്ക് എത്തിക്കുന്നതിനും വൈകുന്നേരം 4 മണിക്ക് മുത്തത്തിയിൽ നിന്നും തിരിച്ച് അവരുടെ വീടുകളിലേക്ക് കൊണ്ടെത്തിക്കുന്നതിനും വേണ്ടി ഒരു ട്രാവലർ അല്ലെങ്കിൽ അതുപോലെയുള്ള ഒരു വാഹനം 6 മാസക്കാലത്തേക്ക് വാടകയ്ക്കെടുക്കുന്നതിന് വാഹന കരാറുകാരിൽ നിന്നോ അല്ലെങ്കിൽ ഏജൻസികളിൽനിന്നോ ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. അന്തേവാസികളുടെ എണ്ണം പരമാവധി 30 ആയിരിക്കും. ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും വാഹനം ആവശ്യമാണ്. ടെണ്ടർ നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർഫോറം ലഭിക്കുന്നതിനും മറ്റ് വിശദവിവരങ്ങൾക്കും ആരോഗ്യകേരളം, സിവിൽ സ്റ്റേഷൻ, കണ്ണൂർ ആഫീസിൽ അന്വേഷിക്കുകയോ, **www.arogyakeralam.gov.in** എന്ന വെബ്ബ് സൈററിൽ നിന്ന് ഡൗൺ ലോഡ് ചെയ്യുകയോ ചെയ്യേണ്ടതാണ്. ടെണ്ടറിന്റെകൂടെ വാഹനത്തിന്റെ രജിസ്ട്രേഷന്റെയും, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റേയും, ഇൻഷുറൻസ്, ടാക്സ്, പൊല്യൂഷൻ കൺട്രോൾബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടേയും വാഹനയുടമയുടെ അല്ലെങ്കിൽ ഏജൻസിയുടെ ഐഡന്റിറ്റി സർട്ടിഫിക്കറ്റിന്റേയും അറ്റസ്റ്റ് ചെയ്ത കോപ്പി സമർപ്പിക്കേണ്ടതാണ്. ഒരുമാസത്തേക്കുള്ള വാടകയാണ് ടെണ്ടറിൽ കുറിക്കേണ്ടത്. കുറിക്കുന്ന വാടകയുടെ 6 ഇരട്ടിയുടെ 1 ശതമാനം തുക നിരതദ്രവ്യമായി (ഇ.എം.ഡി.) ജില്ലാ ആരോഗ്യ കുടുംബക്ഷേമസൊസൈറ്റി, കണ്ണൂർ എന്നപേരിൽ എടുത്ത കണ്ണൂരിൽ മാറാവുന്ന ഡി.ഡി. ടെണ്ടറിന്റെ കൂടെ അടക്കം ചെയ്യേണ്ടതാണ്. വാടകയ്ക്കെടുക്കുന്ന വാഹനം നല്ല റണ്ണിംഗ് കണ്ടീഷനുള്ളതായിരിക്കണം. വാഹനത്തിനുള്ള ടെണ്ടർ വാഹന ഉടമയല്ല സമർപ്പിക്കുന്നത് എങ്കിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് ഉടമ ഏജൻസിക്ക് നിർദ്ദിഷ്ട അധികാരപത്രം നൽകേണ്ടതാണ്. നിർദ്ദിഷ്ട ഫോറത്തിലുള്ള ടെണ്ടർ പ്രത്യേകം കവറിനുള്ളിലാക്കി ജില്ലാ പ്രോഗ്രാം മാനേജർ, ആരോഗ്യകേരളം, സിവിൽ സ്റ്റേഷൻ, കണ്ണൂർ എന്ന വിലാസത്തിൽ നൽകേണ്ടതും കവറിനുമുകളിൽ "വണ്ടി വാടകയ്ക്ക് നൽകുന്നതിനുള്ള ടെണ്ടർ" എന്ന് എഴുതേണ്ടതുമാണ്. ടെണ്ടർ ഈ ആഫീസിൽ സ്വീകരിക്കുന്ന അവസാന തീയ്യതി 11.06.2015 ന് രാവിലെ 11 മണിവരെ ആയിരിക്കും. ലഭ്യമാകുന്ന ടെണ്ടറുകൾ അന്നുതന്നെ ഉച്ചയ്ക്ക് ശേഷം 3 മണിക്ക് തുറന്നു പരിശോധിക്കുന്നതാണ്. ടെണ്ടർ തുറക്കുന്ന സമയം കോൺട്രാക്ടർമാർക്കോ അല്ലെങ്കിൽ അവരുടെ പ്രതിനിധികൾക്കോ ഹാജരാകാവുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതും ആവശ്യമായ നിരതദ്രവ്യം അടക്കാത്തതും മറ്റ് നിബന്ധനകൾ പാലിക്കാത്തതും ആയ ടെണ്ടറുകൾ അപ്പോൾ തന്നെ നിരാകരിക്കുന്നതും സാധുവായ മറ്റ് ടെണ്ടറുകൾ പരിശോധിക്കുന്നതും, ടെണ്ടറിലുള്ള തീരുമാനം പിന്നീട് കൈക്കൊള്ളുന്നതുമാണ്. സാധാരണയായി ഏറ്റവും കുറഞ്ഞ തുക കാണിക്കുന്നതും ന്യായമായതും മാർക്കറ്റ് നിരക്കിന് അനുസൃതമായതുമായ ടെണ്ടറാണ് സ്വീകരിക്കുക. എന്നാൽ ഏതെങ്കിലും കാരണവശാൽ അത്തരത്തിലുള്ള ടെണ്ടർ പരിഗണിക്കാതിരിക്കാൻ തക്ക കാരണം ഉണ്ടെങ്കിൽ ആയതിനുള്ള അധികാരം ജില്ലാ പ്രോഗ്രാം മാനേജർക്കായിരിക്കും. ടെണ്ടറിൽ വണ്ടിക്കുള്ള പ്രതിമാസ വാടക, ഇന്ധനച്ചിലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവയുൾപ്പെടെയുള്ള വാടകയായിരിക്കണം